പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 13 — 09.03.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :
" പി. ഉബൈദുള്ള :
" സി. മമ്മൂട്ടി :
" എൻ. ഷംസുദ്ദീൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണിക്കപ്പെട്ടതെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി 22.12.2014ന് ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ പരിഗണിക്കപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ വിതരണത്തിന് പെൻഷൻ ഫണ്ട് രൂപീകരിക്കുന്നു. ഇതിനായി ഒരോ മാസവും 20 കോടി രൂപ കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കും. കെ.എസ്.ആർ.ടി.സി ട്രഷറിയിൽ ഇത്തരത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് തത്തുല്യ തുക സർക്കാർ നോൺ പ്ലാൻ വിഹിതമായി [ഒരു വർഷം പരമാവധി 240 കോടി രൂപ] അനുവദിക്കും.<br>2. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സർക്കാർ വായ്പാ ബാദ്ധ്യത മൂലധന നിക്ഷേപമാക്കി മാറ്റും.<br>3. കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത തീർക്കുന്നതിന് 200 കോടി രൂപയുടെ അധിക വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകും.<br>വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്നതിൻപ്രകാരമുള്ള നടപടി സ്വീകരിക്കും. |

| | | | |
|---|---|---|---|
| | | | 1. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കോർപ്പറേഷൻ എടുത്ത വായ്പതുക മറ്റ് ബാങ്കുളിലേക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല തിരിച്ചടവ് കാലാവധിയുള്ള വായ്പയാക്കി മാറ്റും.<br>2. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കും.<br>3. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കും.<br>4. ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കും.<br>5. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ വിദഗ്ധ പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തതിനുശേഷം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും.<br>6. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനിമുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കുന്നതല്ല. |
| (ബി) | ഗുരുതര പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ഭാഗത്തു നിന്നും എന്തൊക്കെ വിട്ടുവീഴ്ചാ നിർദ്ദേശങ്ങൾ ഉണ്ടായി എന്നു വ്യക്തമാക്കുമോ; | (ബി) | കോർപ്പറേഷന്റെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും, പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, അംഗീകൃത തൊഴിലാളി സംഘടനകൾ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രശ്നപരിഹാരത്തിനു മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഉരുത്തിരിഞ്ഞ പ്രായോഗിക നിർദ്ദേശങ്ങളുടെ നടപ്പാക്കൽ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള മോണിറ്ററിംഗ് സംവിധാനം എന്താണെന്ന് വിശദമാക്കുമോ? | (സി) | 22.12.2014-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ കോർപ്പറേഷൻ നടപ്പിലാക്കി വരികയാണ്. വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br>1. ഡിസംബർ മാസത്തെ പെൻഷൻ തുക യോഗതീരുമാന പ്രകാരം 24.12.2014-ന് തന്നെ വിതരണം ചെയ്തു. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുകയും (15000 രൂപ വരെ) അതതു മാസങ്ങളിൽതന്നെ വിതരണം ചെയ്യുകയുണ്ടായി.<br>2. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനായി സർക്കാർ ഗ്യാരന്റി ആവശ്യപ്പെട്ട് സർക്കാരിനെ കോർപ്പറേഷൻ സമീപിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് ദീർഘകാല വായ്പയാക്കി മാറ്റുന്നതിനായി ഉപദേശക സ്ഥാപനമായി M/s. SBI CAPTIAL MARKETS Ltd. എന്ന സ്ഥാപനത്തെ കോർപ്പറേഷൻ നിയോഗിച്ചു. ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി വായ്പ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾക്ക് സമർപ്പിച്ചു കഴിഞ്ഞു.<br>4. സർക്കാർ വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിലേക്കായി കോർപ്പറേഷൻ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br>5. കെ.എസ്.ആർ.ടി.സി ബസുകളിലെ യാത്രക്കാരിൽ നിന്നും സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ തുക ഈടാക്കുക വഴി |

| | | | |
|---|---|---|---|
| | | | എല്ലാ യാത്രക്കാർക്കും അപകട ഇൻഷു റൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.<br>6. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്ര മീകരിച്ച് ലാഭത്തിലാക്കുക വഴി വരുമാന ത്തിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.<br>7. ബസ് ജീവനക്കാർ അനുപാതം ദേശീയ ശരാശരിയ്ക്ക് ഒപ്പമാക്കുക, ആയതിലൂടെ ചെലവ് ചുരുക്കാൻ കഴിയും.<br>8. കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ്, പബ്ലിക്ക് ഇൻഫർമേഷൻ സിസ്റ്റം, ബാങ്ക് എ.റ്റി.എം, ഇന്ത്യൻ കോഫി ഹൗസ് എന്നിവയിലൂടെ ടിക്കറ്റ് ഇതര റവന്യൂ വരുമാനം വർദ്ധിക്കുന്നതാണ്.<br>9. ആധുനിക ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നവഴി റവന്യൂ ഇതര വരുമാനം വർദ്ധിക്കുന്നതാണ്.<br>10. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേയ്ക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി മുഖേന നടന്നു വരുന്നു.<br>ടി വിഷയത്തിലെ പുരോഗതി മാനേജ്മെന്റ് പ്രതിനിധികളും, യൂണിയൻ പ്രതിനിധികളും ഉൾപ്പെട്ട ഒരു സമിതി ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷത യിൽ യോഗം ചേർന്ന് വിലയിരുത്തുവാ നാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ